## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3098 18.10.2016- ൽ മറുപടിക്ക്

### "സ്റ്റാർട്ട് അപ് സംരംഭങ്ങൾ "

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | യുവസംരംഭകരെ സഹായിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കേണ്ടതിനുമായി സ്റ്റാർട്ട് അപ് സംരംഭങ്ങളെക്കുറിച്ച് വിശദമാക്കാമോ; | എ) & ബി) | യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യമാണ് സ്റ്റാർട്ട് അപ്പ് മിഷനുള്ളത്. ഇതിനായി യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനം നൽകുക, വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നിവയാണ് സ്റ്റാർട്ട് അപ്പ് മിഷൻ ലക്ഷ്യമിടുന്നത്. യുവസംരംഭകർ മുന്നോട്ടു വയ്ക്കുന്ന അടിസ്ഥാന ആവശ്യങ്ങളായ സാമ്പത്തിക സഹായവും മെന്ററിംഗും ഇൻക്യുബേഷൻ സെന്ററുകൾ മുഖേനയുള്ള സഹായങ്ങളും സ്റ്റാർട്ട് അപ്പ് മിഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.<br><br>യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി യിൽ ഒരു സീഡ് ഫണ്ടിങ്ങ് സ്കീം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലിയിലെ ഇൻകെൽ ക്യാമ്പസിലും കെ.എസ്.ഐ.ഡി.സി. യുടെ ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേ |
| ബി) | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങളാണ് ഇവർക്കു നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതുവഴി കേരളത്തെ യുവ സംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. |
| സി) | സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ? | സി) | സ്റ്റാർട്ട് അപ് മിഷൻ വഴി പുതിയ സംരംഭകർക്ക് സഹായങ്ങൾ നൽകിവരുന്നതിനാൽ സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ